(ബി) സൈലന്റ്വാലി ബഫർ സോണിലെ ആനവായ്, തുഡുക്കി എന്നീ ഫോറസ്റ്റ് സ്റ്റേഷനുകൾ 2007 മുതൽ പ്രവർത്തിച്ചുതുടങ്ങി. സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(എംഎസ്.) 03/2011/വനം തീയതി 29-1-2011 പ്രകാരം അനുവദിച്ച 10 ഫോറസ്റ്റ് സ്റ്റേഷനുകൾ പ്രവർത്തിച്ചുതുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

ടോപ്പ്-ലൈറ്റ് ഘടിപ്പിക്കുന്നതിന് നടപടി

205 (2237) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെ വാഹനങ്ങളിൽ ടോപ്പ്-ലൈറ്റ് ഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

ഇക്കാര്യം സർക്കാർ പരിഗണിച്ചു വരികയാണ്.

പാട്ടത്തിനു നൽകിയ എസ്റ്റേറ്റ് ഭൂമികളെല്ലാം സർവ്വേ ചെയ്യുന്നതിന് നടപടി

206 (2238) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാട്ടവ്യവസ്ഥയിൽ സ്വകാര്യ വ്യക്തികൾക്കും കമ്പനികൾക്കും വനമേഖലയിൽ നൽകിയിട്ടുള്ള എസ്റ്റേറ്റുകളുടെ കാര്യത്തിൽ നിലവിലെ നയം കാലാനുസൃതമായി മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) സമീപ വനഭൂമി കൈയേറി പാട്ടത്തിനെടുത്ത ഭൂമിയുടെ വിസ്തൃതി വിപുലപ്പെടുത്തിയ സംഭവങ്ങൾ കണ്ടെത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ഭൂരേഖകൾ തിരുത്തി പാട്ടഭൂമി സ്വന്തമാക്കുകയും കൈമാറ്റം ചെയ്യുകയും ചെയ്ത സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദവിവരം വെളിപ്പെടുത്തുമോ ;

(ഡി) പാട്ടത്തിനെടുത്ത എസ്റ്റേറ്റുകൾ പണയപ്പെടുത്തി വൻ തുകകൾ വായ്പയെടുക്കുകയും അന്യാധീനപ്പെടുത്തുകയും ചെയ്ത സംഭവങ്ങൾ കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly